Teachingninja.in

Latest Govt Job updates

Private Job updates

Free Mock tests available

Visit - teachingninja.in

Teachingninja.in

# Kerala PSC
# APO

## Previous Year Paper
## 27 Oct, 2018

Teachingninja.in

**A**

**ചോദ്യ പുസ്തക ക്രമ നമ്പർ**

| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 75 മിനിട്ട്** |
|---|---|
| **പരമാവധി മാർക്ക് : 100** | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ്സിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും, **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ.ഉത്തരക്കടലാസ്സിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

**106/2018-M-A**

Teachingninja.in

Teachingninja.in



Teachingninja.in

# 106/2018-M

Total Marks : 100 Marks

Time : 1 hour and 15 minutes

1. ബംഗാളിലെ നീലം കർഷകരുടെ യാതനയെപ്പറ്റി പ്രതിപാദിക്കുന്ന 'നീൽ ദർപ്പൺ' എന്ന നാടകം രചിച്ചതാര്?
   (A) ദീനബന്ധു മിത്ര
   (B) രവീന്ദ്രനാഥ ടാഗോർ
   (C) പ്രേംചന്ദ്
   (D) സുബ്രഹ്മണ്യ ഭാരതി

2. റൗലക്ട് നിയമ വിരുദ്ധ പ്രക്ഷോഭത്തിന്റെ ഭാഗമായി നടന്ന സുപ്രധാന സംഭവം ഏത് ?
   (A) ചമ്പാരൻ സത്യാഗ്രഹം
   (B) ചൗരിചൗരാ സംഭവം
   (C) ജാലിയൻ വാലാബാഗ് കൂട്ടക്കൊല
   (D) ഉപ്പു സത്യാഗ്രഹം

3. കേരളത്തിൽ സേവനാവകാശ നിയമം നിലവിൽ വന്ന വർഷം ?
   (A) 2013 നവംബർ 1
   (B) 2012 നവംബർ 1
   (C) 2014 നവംബർ 1
   (D) 2015 നവംബർ 1

4. 1907 സെപ്റ്റംബർ 27 ന് ലയൽപൂർ ജില്ലയിലെ ബങ്ക (ഇപ്പോൾ പാക്കിസ്ഥാനിൽ) എന്ന സ്ഥലത്ത് ജനിച്ച ഇന്ത്യൻ ദേശീയ വിപ്ലവകാരി ആര് ?
   (A) ചന്ദ്രശേഖർ ആസാദ്
   (B) ശിവ്റാം രാജ്ഗുരു
   (C) സുഖ്ദേവ് താപ്പർ
   (D) ഭഗത് സിംഗ്

5. സൂര്യന്റെ അയനവുമായി ബന്ധപ്പെട്ട് ജൂൺ 21 ന്റെ പ്രത്യേകത
   (A) സൂര്യ രശ്മി ഉത്തരായന രേഖയിൽ ലംബമായി പതിക്കുന്ന ദിവസം.
   (B) സൂര്യ രശ്മി ഭൂമദ്ധ്യ രേഖയിൽ ലംബമായി പതിക്കുന്ന ദിവസം.
   (C) സൂര്യ രശ്മി ദക്ഷിണായന രേഖയിൽ ലംബമായി പതിക്കുന്ന ദിവസം.
   (D) ദക്ഷിണാർദ്ധ ഗോളത്തിൽ പകലിന്റെ ദൈർഘ്യം കൂടുതലുള്ള ദിവസം.

6. ഇന്ത്യക്കാരനായ രാകേശ് ശർമ്മ ആദ്യമായി ശൂന്യകാശ യാത്ര നടത്തിയ സമയത്തെ ഇന്ത്യൻ പ്രധാനമന്ത്രി ആരായിരുന്നു ?
   (A) രാജീവ് ഗാന്ധി
   (B) മൊറാർജി ദേശായി
   (C) ഇന്ദിരാ ഗാന്ധി
   (D) ജവഹർലാൽ നെഹ്റു

7. ദേശീയ ശാസ്ത്രദിനമായി ആചരിക്കുന്നത് ഏത് വിഖ്യാത ഇന്ത്യൻ ശാസ്ത്രജ്ഞന്റെ ജന്മദിനമാണ് ?
   (A) എസ്. എൻ. ഭട്നഗർ
   (B) സി. വി. രാമൻ
   (C) ഡോ. രാജാരാമണ്ണ
   (D) സതീഷ് ധവാൻ



Teachingninja.in

8. വിവരാവകാശ നിയമപ്രകാരം (2005) വിവരം ലഭിക്കുന്നതിന് അപേക്ഷകൻ അപേക്ഷാ ഫീസായി നല്കേണ്ട തുകയെത്ര ?

(A) 2 രൂപ
(B) 5 രൂപ
(C) 25 രൂപ
(D) 10 രൂപ

9. താഴെപ്പറയുന്ന ഏത് പ്രസ്താവനയാണ് ആലപ്പുഴ ജില്ലയുമായി കൂടുതൽ ബന്ധപ്പെട്ടുകിടക്കുന്നത് ?

(A) കേരളത്തിലെ പ്രധാന ബീഡി ഉല്പാദന കേന്ദ്രം.
(B) കേരളത്തിലെ പ്രധാന കശുവണ്ടി ഉല്പാദന കേന്ദ്രം.
(C) കേരളത്തിലെ പ്രധാന കയർ ഉല്പാദന കേന്ദ്രം.
(D) കേരളത്തിലെ പ്രധാന ഓട് ഉല്പാദന കേന്ദ്രം.

10. താഴെ പറയുന്നവയിൽ നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയേത് ?

(A) സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗാർ യോജന (SJSRY)
(B) സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന (SGRY)
(C) ഇന്ദിരാ ആവാസ് യോജന (IAY)
(D) പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന (PMGSY)

11. ചിൽഡ്രൻസ് ഹോമുകൾ, ബാലമന്ദിരങ്ങൾ തുടങ്ങിയവയിൽ നിന്നും വിടുതൽ ലഭിക്കുന്ന കുട്ടികളുടെ പുനരധിവാസവും പരിചരണവും സംരക്ഷണവും ഉറപ്പുവരുത്താൻ നിലവിൽവന്ന സ്ഥാപനം താഴെ പറയുന്നവയിൽ ഏത് ?

(A) മഹിളാമന്ദിരം
(B) ആഫ്റ്റർ കെയർ ഹോം
(C) റെസ്ക്യൂ ഹോം
(D) ആശാഭവൻ

12. ഡക്കാൻ പീഠഭൂമിയുടെ ഭാഗമായ കേരളത്തിലെ പ്രദേശം ഏത് ?

(A) ആലപ്പുഴ
(B) കാസർഗോഡ്
(C) ഇടുക്കി
(D) വയനാട്

13. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലാ ആസ്ഥാനം സ്ഥിതിചെയ്യുന്ന ജില്ലയേത് ?

(A) കണ്ണൂർ
(B) കോഴിക്കോട്
(C) മലപ്പുറം
(D) പാലക്കാട്

14. നിലവിലെ ഉത്തർപ്രദേശ് മുഖ്യമന്ത്രിയാര് ?

(A) യോഗി ആദിത്യനാഥ്
(B) കേശവ് പ്രസാദ് മൗര്യ
(C) മനോഹർ പരീക്കർ
(D) ഇവരാരുമല്ല

15. 2016-ൽ വയലാർ അവാർഡ് നേടിയ യു. കെ. കുമാരന്റെ 'തച്ചൻകുന്ന് സ്വരൂപം' എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

(A) കവിത
(B) ചെറുകഥ
(C) ലേഖന സമാഹാരം
(D) നോവൽ



Teachingninja.in

16. ഐക്യരാഷ്ട്ര സംഘടനയുടെ (UNO) നിലവിലെ സെക്രട്ടറി ജനറൽ ആര് ?

(A) ബാൻ കി മൂൺ

(B) അന്റോണിയോ ഗുട്ടെറെസ്

(C) കോഫി അന്നൻ

(D) യു. താന്ത്

17. ദേശീയ പട്ടികവർഗ്ഗ കമ്മീഷനിൽ ചെയർമാനും വൈസ്ചെയർമാനും ഉൾപ്പെടെ ആകെ മെമ്പർമാരുടെ എണ്ണം എത്ര ?

(A) നാല്

(B) രണ്ട്

(C) അഞ്ച്

(D) ആറ്

18. താഴെ പറയുന്നവരിൽ ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ എക്സ് ഒഫീഷ്യോ മെമ്പറല്ലാത്തത് ആര് ?

(A) കേന്ദ്ര നിയമകാര്യ വകുപ്പ് മന്ത്രി

(B) ദേശീയ വനിതാ കമ്മീഷൻ ചെയർപെഴ്സൺ

(C) ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ ചെയർപെഴ്സൺ

(D) ദേശീയ പട്ടികജാതി കമ്മീഷൻ ചെയർപെഴ്സൺ

19. ഇന്ത്യയിൽ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട ആദ്യത്തെ ഐ. ടി. ആക്ട് നിലവിൽ വന്ന വർഷം ഏത് ?

(A) 2005

(B) 2008

(C) 2010

(D) 2000

20. ഭാരതീയ റിസർവ്വ് ബാങ്കിന്റെ ആസ്ഥാനം എവിടെ ?

(A) ന്യൂ ഡൽഹി

(B) മുംബൈ

(C) ഭോപ്പാൽ

(D) കൊൽക്കത്ത

21. ബാങ്കിംഗ് രംഗത്തേക്ക് പുതുതായി കടന്നുവന്ന മുദ്രാബാങ്കിന്റെ ലക്ഷ്യം ?

(A) വനിതാ ശാക്തീകരണം

(B) ഭവന നിർമ്മാണം

(C) ചെറുകിട വായ്പ നല്കൽ

(D) കൂടുതൽ പലിശ നല്കൽ

22. മൗലികാവകാശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഇന്ത്യൻ ഭരണഘടനയുടെ ഭാഗം ഏത് ?

(A) ഭാഗം മൂന്ന്

(B) ഭാഗം രണ്ട്

(C) ഭാഗം നാല്

(D) ഭാഗം നാല് എ

23. ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന മൗലികാവകാശം താഴെ പറയുന്നതിൽ ഏതാണ് ?

(A) സമത്വത്തിനുള്ള അവകാശം

(B) സ്വാതന്ത്ര്യത്തിനുള്ള അവകാശം

(C) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

(D) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം



Teachingninja.in

24. ഡൽഹി സുൽത്താനത്ത് ഭരണത്തിൽ കമ്പോള പരിഷ്കരണം നടപ്പാക്കിയ ഭരണാധികാരിയേത്?
(A) ജലാലുദ്ദീൻ ഖിൽജി
(B) അലാവുദ്ദീൻ ഖിൽജി
(C) ബാൽബൻ
(D) മുഹമ്മദ് ബിൻ തുഗ്ലക്ക്

25. മുഗൾ ചക്രവർത്തിയായ അക്ബറുടെ കാലത്ത് 'രാസ്നാമ' എന്ന പേരിൽ മഹാഭാരത കഥ പൂർണ്ണമായി ചിത്രരൂപത്തിൽ തയ്യാറാക്കിയ ചിത്രകാരനേത് ?
(A) ബിഷൻ ദാസ്
(B) അബുൽ ഹസൻ
(C) ദസ്വന്ത്
(D) കല്യാൺ ദാസ്

26. 'സംഗീത രത്നാകരം' എന്ന കൃതി രചിച്ചതാര് ?
(A) ശാർങ്ഗ ദേവൻ
(B) താൻസെൻ
(C) അമീർ ഖുസ്രു
(D) രാജാ മാൻസിംഗ്

27. താഴെ പറയുന്നവയിൽ ഇന്ത്യയുമായി കര അതിർത്തി പങ്കിടാത്ത രാജ്യം ഏത് ?
(A) പാക്കിസ്ഥാൻ
(B) ശ്രീലങ്ക
(C) ബംഗ്ലാദേശ്
(D) ചൈന

28. കേരളത്തിൽ '99 ലെ വെള്ളപ്പൊക്കം' എന്നറിയപ്പെടുന്ന വെള്ളപ്പൊക്കം ഉണ്ടായ വർഷം ഏത്?
(A) 1969
(B) 1999
(C) 1924
(D) 1975

29. ഇടിമിന്നലിൽ നിന്ന് രക്ഷനേടാൻ എടുക്കാവുന്ന മുൻ കരുതലിൽ ഏറ്റവും പ്രധാനപ്പെട്ടവ താഴെ പറയുന്നതിൽ ഏത്?
(A) തുറസ്സായ പ്രദേശങ്ങളിലേക്ക് മാറുക.
(B) കുത്തനെ ചരിവുള്ള പ്രദേശങ്ങളിൽനിന്ന് മാറി താമസിക്കുക.
(C) പുഴയോരത്ത് താമസിക്കുന്നവർ ഉയർന്ന പ്രദേശങ്ങളിലേക്ക് മാറുക.
(D) ഒറ്റപ്പെട്ട മരങ്ങളുടെ ചുവട്ടിൽനിന്ന് മാറുക.

30. നാഥുലാ ചുരം ബന്ധിപ്പിക്കുന്ന പ്രദേശങ്ങൾ ഏവ ?
(A) സിക്കിം – ടിബറ്റ്
(B) ജമ്മു – ശ്രീനഗർ
(C) ശ്രീനഗർ – കാർഗിൽ
(D) ഉത്തരാഖണ്ഡ് – ടിബറ്റ്

31. ലക്ഷദ്വീപിന്റെ തലസ്ഥാനം ഏത് ?
(A) കവരത്തി
(B) അഗത്തി
(C) മിനിക്കോയ്
(D) ആന്ത്രോത്ത്

32. താഴെ പറയുന്നവയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽപ്പെടാത്തതേത്?
(A) വേലിയോർജ്ജം
(B) കാറ്റിൽ നിന്നുള്ള ഊർജ്ജം
(C) സൗരോർജ്ജം
(D) കൽക്കരി



Teachingninja.in

33. അലഹബാദ് മുതൽ ഹാൽഡിയ വരെയുള്ള ദേശീയ ജലപാത ഒന്ന് ഏത് നദിയിൽ സ്ഥിതി ചെയ്യുന്നു ?

(A) ഗംഗ (B) ബ്രഹ്മപുത്ര
(C) ഗോദാവരി (D) താപ്തി നദി

34. താഴെ പറയുന്നവയിൽ ഇന്ത്യയുടെ കിഴക്കൻ തീരത്തെ തുറമുഖം

(A) മംഗലാപുരം (B) വിശാഖപട്ടണം
(C) കണ്ട്ല (D) മുംബൈ

35. അലോഹ ധാതുവിന് ഉദാഹരണമേത് ?

(A) ഇരുമ്പ് (B) സ്വർണ്ണം
(C) പെട്രോളിയം (D) ബോക്സൈറ്റ്

36. പ്രാദേശിക ഭാഷാ പത്രനിയമം നടപ്പാക്കിയ ബ്രിട്ടീഷ് ഭരണാധികാരി ആര് ?

(A) വില്ല്യം ബെന്റിക്ക് (B) റിപ്പൺ പ്രഭു
(C) ലിട്ടൺ പ്രഭു (D) ഡൽഹൗസി പ്രഭു

37. 'മെച്ചപ്പെട്ട വിദേശ ഭരണത്തേക്കാൾ നല്ലത് തദ്ദേശിയരുടെ മെച്ചമല്ലാത്ത ഭരണമാണ്.' ഇന്ത്യൻ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഈ വാക്കുകൾ ആരുടേതാണ് ?

(A) ലാലാ ലജ്പത് റായ് (B) ബാല ഗംഗാധര തിലകൻ
(C) വി. ഒ. ചിദംബരം പിള്ള (D) ബിപിൻ ചന്ദ്ര പാൽ

38. 1857-ലെ കലാപത്തിന് ലക്നൗവിൽ നേതൃത്വം നല്കിയ നേതാവാര് ?

(A) ബഹദൂർഷാ രണ്ടാമൻ (B) റാണി ലക്ഷ്മീഭായി
(C) നാനാ സാഹിബ് (D) ബീഗം ഹസ്രത്ത് മഹൽ

39. സിന്ധു നദിയുമായി ബന്ധമില്ലാത്തത് ഏത് ?

(A) ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു.
(B) ടിബറ്റിലെ മാനസ സരോവർ തടാകത്തിൽ നിന്ന് ഉത്ഭവിക്കുന്നു.
(C) ജമ്മു കാശ്മീരിലൂടെ ഒഴുകുന്നു.
(D) ഝലം ഒരു പോഷക നദിയാണ്.

40. ഇന്ത്യയിൽ ഏറ്റവും കൂടുതൽ (മൊത്തം കൃഷിഭൂമിയുടെ 75 ശതമാനത്തോളം) കൃഷി ചെയ്യുന്നതേത് ?

(A) തോട്ടവിള (B) നാണ്യവിള
(C) സുഗന്ധ വ്യഞ്ജനങ്ങൾ (D) ഭക്ഷ്യവിള

41. ദക്ഷിണ റയിൽവേയുടെ ആസ്ഥാനം ?

(A) പാലക്കാട് (B) ചെന്നൈ
(C) തിരുവനന്തപുരം (D) മംഗലാപുരം



Teachingninja.in

42. ചെറുനാരങ്ങയിൽ അടങ്ങിയ ആസിഡ് ഏത് ?
(A) ലാക്ടിക് ആസിഡ്
(B) അസറ്റിക്ക് ആസിഡ്
(C) ടാനിക് ആസിഡ്
(D) സിട്രിക് ആസിഡ്

43. എലിപ്പനിക്ക് കാരണമായ സൂഷ്മാണു ഏതു വിഭാഗത്തിൽപ്പെടുന്നു ?
(A) വൈറസ്
(B) ഫംഗസ്
(C) ബാക്ടീരിയ
(D) പ്രോട്ടോസോവ

44. കീഴരിയൂർ ബോംബ് കേസ് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ഏത് സമരവുമായി ബന്ധപ്പെട്ടതാണ് ?
(A) ക്വിറ്റ് ഇന്ത്യാ സമരം
(B) കുറിച്യ കലാപം
(C) മലബാർ കലാപം
(D) പുന്നപ്ര-വയലാർ സമരം

45. 'അരയ സമാജം' എന്ന സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിന് നേതൃത്വം നല്കിയതാര് ?
(A) അയ്യങ്കാളി
(B) പണ്ഡിറ്റ് കെ. പി. കറുപ്പൻ
(C) ചട്ടമ്പി സ്വാമികൾ
(D) വി. ടി. ഭട്ടതിരിപ്പാട്

46. ഗാന്ധിയൻ സമര മാർഗ്ഗങ്ങളോട് കടുത്ത വിയോജിപ്പ് പ്രകടിപ്പിച്ച് 'ഗാന്ധിയും അരാജകത്വവും' (Gandhi and Anarchy) എന്ന ഗ്രന്ഥം രചിച്ച മലയാളി ആര് ?
(A) കെ. പി. കേശവമേനോൻ
(B) ഇ. മൊയ്തു മൗലവി
(C) കെ. മാധവൻ നായർ
(D) ചേറ്റൂർ ശങ്കരൻ നായർ

47. ശ്രീനാരായണ ധർമ്മപരിപാലന യോഗ (SNDP) ത്തിന്റെ ആദ്യ സെക്രട്ടറിയാര് ?
(A) ശ്രീനാരായണഗുരു
(B) മന്നത്ത് പത്മനാഭൻ
(C) കുമാരനാശാൻ
(D) തൈക്കാട്ട് അയ്യ

48. 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന് ആഹ്വാനം ചെയ്ത സാമൂഹ്യ പരിഷ്കർത്താവ് ആര്?
(A) സഹോദരൻ അയ്യപ്പൻ
(B) അയ്യങ്കാളി
(C) വാഗ്ഭടാനന്ദൻ
(D) വി. ടി. ഭട്ടതിരിപ്പാട്

49. കേരളാ ഫോക്‌ലോർ അക്കാദമിയുടെ ആസ്ഥാനം എവിടെയാണ് ?
(A) തൃശ്ശൂർ
(B) കോഴിക്കോട്
(C) കോട്ടയം
(D) കണ്ണൂർ

50. തിരുവിതാംകൂറിൽ ക്ഷേത്ര പ്രവേശന വിളംബരം പുറപ്പെടുവിച്ച വർഷം ഏത് ?
(A) 1938
(B) 1936
(C) 1937
(D) 1942

51. 2017 ൽ പത്മ വിഭൂഷൺ നേടിയ മലയാളി ആര് ?
(A) ഒ. എൻ. വി.
(B) കെ. ജെ. യേശുദാസ്
(C) ചേമഞ്ചേരി കുഞ്ഞിരാമൻ നായർ
(D) പി. ആർ. ശ്രീജേഷ്



Teachingninja.in

52. 2016 റിയോ ഒളിംബിക്സിൽ ഇന്ത്യ ആകെ നേടിയ മെഡലുകളുടെ എണ്ണം എത്ര ?
(A) നാല്
(B) ആറ്
(C) രണ്ട്
(D) പതിനാല്

53. കേരളത്തിൽ ആദ്യമായി രൂപം കൊണ്ട സ്വകാര്യ ബാങ്ക് ഏത്?
(A) ഇംബീരിയൽ ബാങ്ക്
(B) ഇന്ത്യൻ നാഷണൽ ബാങ്ക്
(C) ചാർട്ടേഡ് ബാങ്ക്
(D) നെടുങ്ങാടി ബാങ്ക്

54. 1817-ൽ തിരുവിതാംകൂറിൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിക്കൊണ്ട് വിളംബരം പുറപ്പെടുവിച്ച ഭരണാധികാരി ആര് ?
(A) റാണി ഗൗരി ലക്ഷ്മീഭായി
(B) സ്വാതിതിരുനാൾ
(C) റാണി ഗൗരി പാർവ്വതീഭായി
(D) ചിത്തിരതിരുനാൾ

55. കേരളത്തിലെ ഏറ്റവും വലിയ കായൽ ഏത് ?
(A) അഷ്ടമുടി കായൽ
(B) വേമ്പനാട് കായൽ
(C) കായംകുളം കായൽ
(D) കൊടുങ്ങല്ലൂർ കായൽ

56. ഇന്ത്യൻ ആസൂത്രണവുമായി ബന്ധപ്പെട്ട് ജനകീയ പദ്ധതിയ്ക്ക് രൂപം നല്കിയതാര് ?
(A) എം. എൻ. റോയ്
(B) എം. വിശ്വേശ്വരയ്യ
(C) ജവഹർലാൽ നെഹ്റു
(D) മുംബൈയിലെ ഒരു സംഘം വ്യവസായികൾ

57. കേരളത്തിലെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പദ്ധതിയായ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ജൈവകൃഷിയുടെ ബ്രാന്റ് അംബാസിഡർ ആര് ?
(A) ശ്രീനിവാസൻ
(B) മമ്മൂട്ടി
(C) മഞ്ജു വാര്യർ
(D) സുരേഷ് ഗോപി

58. തമിഴ്നാട് സംസ്ഥാനത്തിന്റെ ദേശീയ മൃഗമേത് ?
(A) കാള
(B) വരയാട്
(C) മാൻ
(D) ആന

59. ആറ് വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഇന്ത്യാ ഗവൺമെന്റ് നടപ്പാക്കിയ പദ്ധതിയേത് ?
(A) എസ്. എസ്. എ.
(B) ആർ. എം. എസ്. എ.
(C) നാഷണൽ സ്കിൽ ഡവലപ്പ്മെന്റ് സ്കീം
(D) ഐ. സി. ഡി. എസ്.

60. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ പാലമായ ഭൂപേൻ ഹസാരിക പാലം ഏതൊക്കെ സംസ്ഥാനങ്ങളെയാണ് ബന്ധിപ്പിക്കുന്നത് ?
(A) ആസാം-അരുണാചൽ പ്രദേശ്
(B) ആസാം-പശ്ചിമ ബംഗാൾ
(C) ആസാം-ത്രിപുര
(D) ആസാം-മേഘാലയ



Teachingninja.in

61. They have been living here _______ 1985.

(A) for
(B) since
(C) before
(D) by

62. If I were a millionaire, _______

(A) I would have bought a car.
(B) I will buy a car.
(C) I would have been bought a car.
(D) I would buy a car.

63. The meaning of the phrasal verb 'put off'

(A) assume
(B) recover
(C) extinguish
(D) postponed

64. _______ water in the well is unfit for drinking.

(A) An
(B) The
(C) A
(D) None of these

65. Plural form of son-in-law

(A) son-in-laws
(B) son-ins-law
(C) sons-in-law
(D) None of these

66. Of my two daughters, Sheela is the _______.

(A) elder
(B) eldest
(C) older
(D) oldest

67. Nick said, "I will start tomorrow". The sentence can be reported as :

Nick said that _______

(A) he would start the next day.
(B) he would started the next day.
(C) to start the next day.
(D) None of these

68. The train _______ by the time Suma reached the station.

(A) left
(B) leave
(C) has left
(D) had left

69. Sam is too tired _______ walk.

(A) for
(B) to
(C) by
(D) at

70. Drinking and driving do not go together, _______ ?

(A) do they
(B) did they
(C) does they
(D) don't they



Teachingninja.in

**71.** This is the spot _______ the accident took place.
(A) who
(B) which
(C) why
(D) where

**72.** Neither of them _______ given the correct answer.
(A) had
(B) has
(C) have
(D) None of these

**73.** The gerund form of run is _______.
(A) ran
(B) runs
(C) will run
(D) running

**74.** Correctly spelt word is :
(A) superintendance
(B) superintendant
(C) superintendent
(D) None of these

**75.** The passive form of "shut the window" is
(A) Do shut the window
(B) Will shut the window
(C) Let the window be shut
(D) Shut the window soon

**76.** The police _______ vigilant.
(A) is
(B) are
(C) were
(D) was

**77.** What does the idiom 'chip off the old block' mean ?
(A) To get into trouble
(B) One who is a block head
(C) Just like his father
(D) None of these

**78.** My grandmother likes to stay _______ the town.
(A) on
(B) in
(C) at
(D) by

**79.** The former part of the film is more interesting than the _______.
(A) later
(B) latest
(C) last
(D) latter

**80.** She lives a _______ life there.
(A) alone
(B) only
(C) lonely
(D) lately



Teachingninja.in

81. $\frac{3}{4}$ നോട് ഏത് സംഖ്യ കൂട്ടിയാൽ $\frac{13}{8}$ കിട്ടും ?

(A) $\frac{10}{8}$ —

(C) $\frac{7}{8}$ (D) $\frac{10}{6}$

82. (2 + 7 – 5) 3 കാണുക.

(A) 6 (B) 12

(C) 3 (D) 15

83. ഒരാൾ 1000 രൂപ 8% പലിശ നിരക്കിൽ ഒരു ബാങ്കിൽ നിക്ഷേപിച്ചു. 2 വർഷത്തിനുശേഷം അയാൾക്ക് എത്ര രൂപ തിരികെ കിട്ടും ?

(A) 180 (B) 1060

(C) 1160 (D) 1080

84. വൃത്തത്തിന്റെ ഡിഗ്രി അളവിന്റെ ആറിലൊന്ന് ഭാഗം എത്ര ?

(A) 360 (B) 60

(C) 160 (D) 270

85. ഒരാൾ വാർക്കപണിയ്ക്കായി 10 ചട്ടി മണലിന്റെ കൂടെ 3 ചട്ടി സിമന്റ് ചേർത്തു. എങ്കിൽ സിമന്റും മണലും തമ്മിലുള്ള അംശബന്ധം എന്ത് ?

(A) 3 : 10 (B) 10 : 3

(C) 1 : 3 (D) 2 : 3

86. ഒരു സമചതുരക്കട്ടയുടെ (ക്യൂബ്) ഒരു വശം 3.6 cm ആയാൽ അതിന്റെ വ്യാപ്തം കാണുക.

(A) 12.962 (B) 46.656

(C) 36.966 (D) 46.966

87. $64^{\frac{1}{3}} \times 8^{\frac{4}{3}} \times 27^{\frac{-1}{3}} \times 36^{\frac{-1}{2}}$ = _________

(A) $\frac{32}{27}$ (B) $\frac{12}{9}$

(C) $\frac{32}{9}$ (D) $\frac{36}{27}$



Teachingninja.in

**88.** $5^{3x-2} = 625$ ആയാൽ $x$ കാണുക.

(A) 3 (B) 4

(C) 1 (D) 2

**89.** ഒരു ക്ലാസ്സിലെ 35 കുട്ടികളുടെ ശരാശരി പ്രായം 15 ആണ്. അവരുടെ അദ്ധ്യാപികയുടെ പ്രായവും കൂടി ചേർന്നാൽ ശരാശരി 16 ആകും. എങ്കിൽ അദ്ധ്യാപികയുടെ പ്രായമെന്ത് ?

(A) 25 (B) 31

(C) 51 (D) 40

**90.** 2, 6, 14, 26, …… എന്ന ശ്രേണിയുടെ അടുത്ത രണ്ട് പദങ്ങളെഴുതുക.

(A) 42, 62 (B) 38, 46

(C) 40, 60 (D) 36, 42

**91.** ഒറ്റയാനെ കണ്ടെത്തുക :

സമചതുരം, ഗോളം, ത്രികോണം, പഞ്ചഭുജം

(A) സമചതുരം (B) ഗോളം

(C) ത്രികോണം (D) പഞ്ചഭുജം

**92.** $-8 - (-5 + 7) =$ _________

(A) 10 (B) –10

(C) 4 (D) –6

**93.** 2 മണിയാകുമ്പോൾ ക്ലോക്കിലെ മണിക്കൂർ സൂചിയും മിനിറ്റ് സൂചിയും തമ്മിലുള്ള കോൺ എന്ത് ?

(A) 30° (B) 120°

(C) 60° (D) 10°

**94.** ഒരാൾ വീട്ടിൽ നിന്ന് 6 കി. മീ. കിഴക്കോട്ട് യാത്ര ചെയ്തതിനുശേഷം വടക്കോട്ട് തിരിഞ്ഞ് 8 കി. മീ. യാത്ര ചെയ്ത് സ്കൂളിലെത്തി. എന്നാൽ അയാളുടെ വീട്ടിൽ നിന്നും സ്കൂളിലേയ്ക്കുള്ള ഏറ്റവും കുറഞ്ഞ ദൂരമെന്ത്?

(A) 14 കി. മീ. (B) 10 കി. മീ.

(C) 48 കി. മീ. (D) 24 കി. മീ.



Teachingninja.in

95. A, D, H, M, ……. എന്ന ശ്രേണിയിലെ അടുത്ത പദമേത് ?

(A) N (B) S

(C) P (D) R

96. P എന്നത് Q ന്റെ മകനാണ്. R എന്നത് Q ന്റെ പിതാവാണ്. S എന്നത് Q ന്റെ മകളാണ്. എങ്കിൽ P യും S ഉം തമ്മിലുള്ള ബന്ധമെന്ത് ?

(A) അച്ഛനും മകളും

(B) മുത്തച്ഛനും പേരക്കുട്ടിയും

(C) സഹോദരനും സഹോദരിയും

(D) അച്ഛനും മകനും

97. രണ്ട് സംഖ്യകളുടെ തുക 90. അവയുടെ വ്യത്യാസം 42. എങ്കിൽ അതിലെ വലിയ സംഖ്യ ഏത് ?

(A) 48 (B) 24

(C) 66 (D) 45

98. 4 സെ. മീ. ആരമുള്ള കട്ടിയായ ഗോളം ഉരുക്കി 2 സെ. മീ. ആരമുള്ള ചെറു ഗോളങ്ങളാക്കിയാൽ എത്ര ഗോളങ്ങൾ കിട്ടും ?

(A) 8 (B) 2

(C) 16 (D) 4

99. ഒരാൾ വീട്ടിൽ നിന്നും കാറിൽ 100 കി. മീ. അകലെയുള്ള നഗരത്തിലേയ്ക്ക് 4 മണിക്കൂർക്കൊണ്ടും തിരിച്ച് വീട്ടിലേയ്ക്ക് 6 മണിക്കൂർക്കൊണ്ടുമാണ് എത്തിയത്. എങ്കിൽ അയാളുടെ കാറിന്റെ ശരാശരി വേഗതയെന്ത് ?

(A) 30 കി. മീ./മണിക്കൂർ (B) 25 കി. മീ./മണിക്കൂർ

(C) 10 കി. മീ./മണിക്കൂർ (D) 20 കി. മീ./മണിക്കൂർ

100. $\frac{252}{378}$ ന്റെ ലഘു രൂപമെന്ത് ?

(A) $\frac{3}{4}$ (B) $\frac{2}{3}$

– (D) $\frac{3}{5}$



Teachingninja.in

**SPACE FOR ROUGH WORK**



Teachingninja.in

SPACE FOR ROUGH WORK



Teachingninja.in

**PROVISIONAL ANSWER KEY**
**Question Code : 106/2018**
**Assistant Prison Officer/Female Assistant Prison Officer-Prison Cat.No :456/2016,457/2016**
**Medium of Question : Malayalam**
**Date of Test : 27/10/2018**

| QUESTION BOOKLET ALPHACODE A | | | |
|---|---|---|---|
| Q No. | | Q. No. | |
| 1 | A | 51 | B |
| 2 | C | 52 | C |
| 3 | B | 53 | D |
| 4 | D | 54 | C |
| 5 | A | 55 | B |
| 6 | C | 56 | A |
| 7 | B | 57 | C |
| 8 | D | 58 | B |
| 9 | C | 59 | D |
| 10 | A | 60 | A |
| 11 | B | 61 | B |
| 12 | D | 62 | D |
| 13 | C | 63 | D |
| 14 | A | 64 | B |
| 15 | D | 65 | C |
| 16 | B | 66 | A |
| 17 | C | 67 | A |
| 18 | A | 68 | D |
| 19 | D | 69 | B |
| 20 | B | 70 | A |
| 21 | C | 71 | D |
| 22 | A | 72 | B |
| 23 | D | 73 | D |
| 24 | B | 74 | C |
| 25 | C | 75 | C |
| 26 | A | 76 | B |
| 27 | B | 77 | C |
| 28 | C | 78 | B |
| 29 | D | 79 | D |
| 30 | A | 80 | C |
| 31 | A | 81 | C |
| 32 | D | 82 | B |
| 33 | A | 83 | C |
| 34 | B | 84 | B |
| 35 | C | 85 | A |
| 36 | C | 86 | B |
| 37 | B | 87 | C |
| 38 | D | 88 | D |
| 39 | A | 89 | C |
| 40 | D | 90 | A |
| 41 | B | 91 | B |
| 42 | D | 92 | B |
| 43 | C | 93 | C |
| 44 | A | 94 | B |
| 45 | B | 95 | B |
| 46 | D | 96 | C |
| 47 | C | 97 | C |
| 48 | A | 98 | A |
| 49 | D | 99 | D |
| 50 | B | 100 | B |

Teachingninja.in